# ഗണിതം

## ഭാഗം – 1

## സ്റ്റാൻഡേർഡ്

# III

കേരളസർക്കാർ

**പൊതുവിദ്യാഭ്യാസവകുപ്പ്**

ST-389-1-MATHS (M)-3-VOL-1

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി **(SCERT)** കേരളം

**2024**

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

## ഗണിതം

3

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

കളിച്ചും ചിത്രം വരച്ചും നിറം നൽകിയും ഗണിതത്തിൽ
കുറെ കാര്യങ്ങൾ നാം മനസ്സിലാക്കിയല്ലോ.
എണ്ണാനും കണക്കുകൂട്ടാനും രൂപങ്ങൾ തിരിച്ചറിയാനും
എല്ലാം നമുക്കറിയാം.
ഇനിയുമുണ്ട് ഒരുപാട് കാര്യങ്ങൾ കണ്ടെത്താൻ.
കൂടുതൽ വലിയ സംഖ്യകൾ, അവയുടെ ക്രിയകൾ,
സംഖ്യാബന്ധങ്ങൾ കണ്ടെത്തൽ, പ്രശ്നം പരിഹരിക്കൽ,
പട്ടിക അപഗ്രഥിക്കൽ അങ്ങനെ കുറേ കാര്യങ്ങൾ.
വ്യത്യസ്തമായി ചിന്തിച്ച്, പല വഴികൾ അന്വേഷിച്ച്,
യുക്തിപൂർവ്വം സമർഥിച്ച്, കണ്ടെത്തലുകൾ പങ്കുവച്ച്
നമുക്ക് മുന്നോട്ടു പോകാം...

സ്നേഹാശംസകളോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡൈ്വസർ

**ഡോ. ഈ. കൃഷ്ണൻ,**
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## ചെയർപേഴ്സൺ

**ഡോ. ഗോകുലദാസൻ പിള്ള സി.**
കരിക്കുലം ഹെഡ് (റിട്ട.), എസ്.സി.ഇ.ആർ.ടി

## വിദഗ്ധർ

**ഡോ. എം. ഷഹീദലി**
സീനിയർ ലക്ചറർ,
ഡയറ്റ്, പാലക്കാട്

**ഡോ. രാജേഷ് കെ.പി.**
സീനിയർ ലക്ചറർ, ഡയറ്റ്, കണ്ണൂർ

## അംഗങ്ങൾ

**സ്വാമിനാഥൻ കെ.**
പ്രഥമാധ്യാപകൻ (റിട്ട.),
ഗവ. എൽ.പി.സ്കൂൾ, പാലോട്,
തിരുവനന്തപുരം

**ബിജു ടി.**
പ്രഥമാധ്യാപകൻ,
ഗവ. എസ്.എം.വി.എൽ.പി.എസ്.
തേവലക്കര, കൊല്ലം

**സജീവൻ സി.വി.**
എ.എൽ.പി.സ്കൂൾ
കാരിയിൽ, ചെറുവത്തൂർ,
കാസറഗോഡ്

**ശ്രീവിശാഖൻ**
പ്രഥമാധ്യാപകൻ (റിട്ട.),
ജി.എൽ.പി. സ്കൂൾ
ചെറുകുളത്തൂർ, കോഴിക്കോട്

**ബീന സ്റ്റീഫൻ**
എസ്.പി.ടി.പി.എം.
ഗവ. യു.പി.എസ്.
കുറവൻകോണം, തിരുവനന്തപുരം

**ഐശ്വര്യ സോമൻ**
എസ്.എം.എസ്.ജി.യു.
പി.എസ്.
ചന്ദനക്കുന്ന്, പത്തനംതിട്ട

**ജിജി വർഗീസ് പി.**
ട്രെയിനർ, ബി.ആർ.സി
എടപ്പാൾ

**സുജിത്ത് കെ.ആർ.**
യു.പി.എസ്.ടി, മേപ്പയിൽ ഈസ്റ്റ്
എസ്.ബി. സ്കൂൾ വടകര,
കോഴിക്കോട്

**ഹരി ചാരുത**
നേമം, തിരുവനന്തപുരം

**അനൂപ് കെ.പി.**
എച്ച്.എസ്.ടി., ഡ്രോയിങ്
പി.എം.എസ്.എ.പി.ടി.എച്ച്.
എസ്.എസ്., കക്കോവ്,
വാഴയൂർ, മലപ്പുറം

**ധനേശൻ എം. വി.**
എച്ച്.എസ്.എസ്.ടി. ഇംഗ്ലിഷ്,
ജി.എഫ്.എച്ച്.എസ്.എസ്.
പടന്നക്കടപ്പുറം, കാസറഗോഡ്

**ഷാജി മാത്യു**
പത്തനംതിട്ട

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. അഭിലാഷ് ബാബു പി.**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

---


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


01 രൂപങ്ങൾ വരയ്ക്കാം 07

02 സംഖ്യകൾ കൂട്ടുകാർ 17

03 ആയിരം... ആയിരം 33

04 കൂട്ടുകൂടാം 45

05 അളന്നുകുറിക്കാം 61

06 കൂട്ടി... കൂട്ടിക്കൂട്ടി 75


പുസ്തകത്തിൽ സൗകര്യത്തിനായി
ഈ ചിഹ്നം ഉപയോഗിച്ചിരിക്കുന്നു



കണക്കു ചെയ്തു നോക്കാം

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# രൂപങ്ങൾ വരയ്ക്കാം



## പ്രവേശനോത്സവം

അനുവും സുബിയും മൂന്നാം ക്ലാസിലാണ് പഠിക്കുന്നത്.
പ്രവേശനോത്സവത്തിന് അവരുടെ സ്കൂൾ അലങ്കരിച്ചിരിക്കുന്നു.
തോരണത്തിന് നിറം കൊടുത്ത് ചിത്രം ഭംഗിയാക്കൂ...




തോരണത്തിലെ ഓരോ രൂപവും എത്ര വീതമെന്ന് എഴുതൂ...

| രൂപം |  |  |  |
|---|---|---|---|
| എണ്ണം | | | |

## ആശംസാകാർഡ്

ഈ വർഷം പുതിയതായി വന്ന വിധുവിന് ആശംസാകാർഡ് കൊടുക്കണം. സുബിയും കൂട്ടുകാരും പൊട്ടുകൾ ഒട്ടിച്ചും ചിത്രങ്ങൾ വരച്ചും കാർഡ് തയ്യാറാക്കുകയാണ്. നിങ്ങളും സഹായിക്കൂ...

- ചിത്രത്തിലെ പൊട്ടിനോട് ചേർന്ന് ചുറ്റും അതേ വലുപ്പത്തിലുള്ള എത്ര പൊട്ടുകൾ ഒട്ടിക്കാൻ കഴിയും ?

- ഞാൻ ഊഹിച്ചത്.

- പൊട്ടുകൾ ഒട്ടിച്ചപ്പോൾ കിട്ടിയ എണ്ണം.




## നിങ്ങൾക്കും വരയ്ക്കാമോ ?

വട്ടങ്ങൾ ഉപയോഗിച്ചുള്ള ഒരുചിത്രം നോക്കൂ.
നിറം കൊടുക്കൂ...



ഇതുപോലെ വട്ടങ്ങൾ ഉപയോഗിച്ച് മറ്റൊരു ചിത്രം വരയ്ക്കൂ...

എങ്ങനെയാണ് വട്ടം വരച്ചത് ?
മറ്റേതൊക്കെ രീതിയിൽ വട്ടം വരയ്ക്കാം ?

## തോണിയിലെന്തൊക്കെ?

വിധുവിന് ആശംസാകാർഡ് ഇഷ്ടപ്പെട്ടു. അവൻ തന്റെ കൈയിലുള്ള തോണി അവർക്ക് കൊടുത്തു.





തോണി നിവർത്തിയത് നോക്കൂ. അതിൽ എന്തെല്ലാം രൂപങ്ങൾ ഉണ്ട് ? രൂപങ്ങളുടെ എണ്ണം എഴുതി പട്ടിക പൂർത്തിയാക്കുക.

| രൂപം | പേര് | എണ്ണം |
|---|---|---|
|  | ചതുരം | |
|  | ത്രികോണം | |

- കടലാസ് നിവർത്തി മടക്കുകളിലൂടെ മുറിച്ച് കിട്ടിയ രൂപങ്ങൾ അനു നോട്ടുബുക്കിൽ ഒട്ടിച്ചത് നോക്കൂ... ഇതുപോലെ പല രീതിയിൽ ഒട്ടിച്ച് വേറെ ചിത്രങ്ങൾ ഉണ്ടാക്കൂ...







### രൂപങ്ങൾ ഉണ്ടാക്കാം



ഇതുപോലെ ഒരു ചതുരം രണ്ടായി മുറിച്ചെടുത്ത് വശങ്ങൾ പല വിധത്തിൽ ചേർത്തുവച്ച് നോക്കൂ... എന്തെല്ലാം രൂപങ്ങൾ ഉണ്ടാക്കാം ?

ഇനി നാലായി മുറിച്ചെടുത്ത് ചെയ്തുനോക്കൂ...

## രൂപങ്ങൾ ഉണ്ടാക്കാം



അനുവും കൂട്ടുകാരും ഈർക്കിൽ കഷ്ണങ്ങൾ വച്ച് ചതുരം, ത്രികോണം എന്നിവ ഉണ്ടാക്കുകയാണ്.

- ഒരേ നീളമുള്ള 24 ഈർക്കിൽ കഷ്ണങ്ങൾ ഉപയോഗിച്ച് ചതുരങ്ങളും ത്രികോണങ്ങളുമുണ്ടാക്കൂ... എണ്ണം പട്ടികയിൽ എഴുതൂ...

| രൂപം | എണ്ണം |
|---|---|
| ത്രികോണം | |
| ചതുരം | |

- ചതുരം, ത്രികോണം ഇവിടെ വരച്ച് ചേർക്കുക.

ചതുരം

ത്രികോണം

ഒരു ചതുരമുണ്ടാക്കാൻ എത്ര ഈർക്കിൽ കഷ്ണങ്ങൾ ഉപയോഗിച്ചു ?

ഒരു ത്രികോണമുണ്ടാക്കാനോ ?

## ടൈലിലെ ചിത്രങ്ങൾ

വിദ്യാലയത്തിന് ഗ്രാമപ്പഞ്ചായത്ത് നിർമ്മിച്ച് നൽകിയ സ്മാർട്ട് ക്ലാസ്മുറിയുടെ തറയിൽ ടൈൽ പതിച്ചിട്ടുണ്ട്. നന്നായിട്ടില്ലേ ?



കുട്ടികൾ വരച്ച് നിറം നൽകിയ ടൈൽ ഡിസൈനുകൾ നോക്കൂ...



അനു വരച്ചത്



സുബി വരച്ചത്



വിധു വരച്ചത്

ചുവടെ തന്നിട്ടുള്ള കുത്തുകൾ യോജിപ്പിച്ച് ഒരു ടൈൽ ഡിസൈൻ തയ്യാറാക്കി നിറം കൊടുക്കൂ... കുത്തുകൾ എങ്ങനെയെല്ലാം ചേർത്തുവരയ്ക്കാമെന്ന് ആലോചിക്കണേ...



- കുത്തുകളിട്ട വരയിലൂടെ മുറിച്ചാൽ കിട്ടുന്ന രൂപം എന്താണ് ?

എ ബി സി



- താഴെ തന്നിട്ടുള്ള രൂപങ്ങളെ ഒരു വര വരച്ച് രണ്ടു ത്രികോണം ആക്കുക. വരച്ചു നോക്കൂ... കഴിയാത്തവ ഏതെല്ലാം ?

എ ബി സി ഡി ഇ



കഴിയാത്തവ ടിക് (✓) ചെയ്യുക

| എ | ബി | സി | ഡി | ഇ |
|---|---|---|---|---|

## അടുത്തതാര് ? വരച്ചുചേർക്കൂ...

- 
- 

ഇതുപോലെയുള്ള വേറെ പാറ്റേണുകൾ വരയ്ക്കാമോ ?

-
-

## ചുറ്റുപാടും കാണുന്ന രൂപങ്ങൾ

ചിത്രത്തിൽ നിങ്ങൾക്ക് പരിചയമുള്ള ഏതെല്ലാം രൂപങ്ങളുണ്ട് ?



നിങ്ങളുടെ സ്കൂളിലും പരിസരത്തുമുള്ള താഴെ പറയുന്ന ആകൃതിയിലുള്ള വസ്തുക്കളെ പട്ടികപ്പെടുത്തുക.

| ചതുരം | ത്രികോണം | വട്ടം |
|---|---|---|
| | | |

## മരക്കട്ട രൂപങ്ങൾ

അനുവും കൂട്ടുകാരും മരക്കട്ടകൾ ഉപയോഗിച്ച് രൂപങ്ങൾ ഉണ്ടാക്കി കളിക്കുകയാണ്.

നിങ്ങളും ഇങ്ങനെ കളിക്കുക. ആരാണ് ഏറ്റവും ഉയരത്തിൽ അടുക്കിയത് ?



- ചതുരക്കട്ടയുടെയും ഗോളത്തിന്റെയും ആകൃതിയിലുള്ള വസ്തുക്കളുടെ പേര് എഴുതൂ.

| ചതുരക്കട്ടകൾ | ഗോളങ്ങൾ |
|---|---|
| | |




## വെജിറ്റബിൾ പ്രിന്റിങ്

പ്രവൃത്തിപരിചയമേളയിലെ വെജിറ്റബിൾ പ്രിന്റിങ് മത്സരത്തിൽ വിധു തയ്യാറാക്കിയ മേശവിരിയാണിത്.

വെണ്ടയ്ക്ക, കാരറ്റ്, ഉരുളക്കിഴങ്ങ്, സവാള എന്നീ പച്ചക്കറികളാണ് ഉപയോഗിച്ചത്.

നിങ്ങളും വെജിറ്റബിൾ പ്രിന്റുകൾ തയ്യാറാക്കൂ...





## വിലയിരുത്തൽ പ്രവർത്തനങ്ങൾ

1. ഏഴാം പേജിലെ ചിത്രങ്ങൾ നോക്കൂ. നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ട ചിത്രം ഏതാണ് ?

   ചിത്രത്തിൽ ഏതെല്ലാം രൂപങ്ങൾ ഉണ്ട് ?

   അതുപോലൊന്ന് മണൽ തട്ടിൽ (sand tray) ഉണ്ടാക്കൂ...

**2.** രൂപങ്ങൾ ചേർത്തുവരയ്ക്കാം.

ത്രികോണം, ചതുരം, വട്ടം എന്നിവ ഉപയോഗിച്ച് ഇഷ്ടമുള്ള ഒരു രൂപം വരയ്ക്കുക.

**3.** ചിത്രത്തിന് നിറം കൊടുത്ത് ഭംഗിയാക്കൂ...



# 2

# സംഖ്യകൾ കൂട്ടുകാർ

## കളം നിറയ്ക്കാം

ടോക്കൺ ഉപയോഗിച്ചുള്ള ഒരു കളിയാണിത്.

1 മുതൽ 100 വരെയുള്ള ടോക്കണുകൾ ഉപയോഗിച്ച് കളം നിറയ്ക്കാം. മിൻഹയും കൂട്ടുകാരും കളിച്ചത് നിങ്ങളും കളിക്കൂ... ടീച്ചർ നിങ്ങളെ സഹായിക്കും.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| 11 | | | | | | | | | |
| 21 | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | 55 | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | 100 |

65 എന്നെഴുതിയ ടോക്കൺ എവിടെ വയ്ക്കും ? എങ്ങനെ കണ്ടുപിടിച്ചു ?

1 മുതൽ 100 വരെ എഴുതിയ ടോക്കണുകൾ യോജിച്ച കളങ്ങളിൽ വയ്ക്കുക.

മഞ്ഞ നിറമുള്ള കളങ്ങളിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ് ?

മറ്റ് പാറ്റേണുകൾ കണ്ടെത്തി പല നിറം കൊടുക്കൂ...

ST-389-2-MATHS (M)-3-VOL-1

# സ്കൂൾ സ്റ്റോർ



വിലവിവരപ്പട്ടിക

| ഇനം | വില |
|---|---|
| ക്രയോൺസ് | 25 രൂപ |
| പേന | 20 രൂപ |
| സ്കെച്ച്പെൻ പാക്കറ്റ് | 40 രൂപ |
| നോട്ടുബുക്ക് | 60 രൂപ |
| മാർക്കർപേന പാക്കറ്റ് | 75 രൂപ |
| സ്കെയിൽ | 5 രൂപ |
| ബ്രൗൺ പേപ്പർ | 15 രൂപ |

മിൻഹ 100 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി. ഏതൊക്കെ സാധനങ്ങളാകാം വാങ്ങിയത് ?

ഞാൻ കണക്കാക്കിയത്.

ചങ്ങാതി കണക്കാക്കിയത്.



## പെൻസിൽ കമ്പനി

മിൻഹയുടെ അച്ഛന് പെൻസിൽ കമ്പനി ഉണ്ട്. 10 പെൻസിലുകളാണ് ഒരു പായ്ക്കറ്റിൽ നിറയ്ക്കുക. 10 പായ്ക്കറ്റുകൾ ഒരു പെട്ടിയിൽ വയ്ക്കും.

| | |
|---|---|
| ഒരു പായ്ക്കറ്റിലുള്ള പെൻസിലുകളുടെ എണ്ണം | |
| ഒരു പെട്ടിയിലുള്ള പായ്ക്കറ്റുകളുടെ എണ്ണം | |
| ഒരു പെട്ടിയിലുള്ള ആകെ പെൻസിലുകളുടെ എണ്ണം | |




പെൻസിലുകൾ പെട്ടിയിലാക്കിയത് നോക്കൂ...
പെൻസിലുകളുടെ എണ്ണം എഴുതി കളങ്ങൾ പൂർത്തിയാക്കൂ...

| | |
|---|---|
|  | |
|  | |
|  | |
|  | |
|  | |
|  | |
|  | |
|  | |
|  | |

10 പെട്ടിയിൽ എത്ര പെൻസിലുകൾ ഉണ്ടാകും ?

## മേന്മ സ്റ്റോർ

മേന്മ സ്റ്റോറിലേക്ക് ആയിരം പെൻസിലുകൾ വേണം. മിൻഹയും അച്ഛനും രണ്ട് ബാഗുകളിൽ തുല്യമായി പെൻസിൽപെട്ടി നിറച്ചു. ഓരോ ബാഗിലും എത്ര പെൻസിലുകൾ ഉണ്ട് ?




## ബാഗിൽ എത്ര ?

ബാഗിൽ എത്ര പെൻസിലുകൾ വീതമുണ്ട് ?




| | | | |
|---|---|---|---|
| 300 + 700 = 1000 | 100 + ......... = 1000 | ........ + ........ = 1000 | ........ + ........ = 1000 |

## നന്മ സ്റ്റോർ

നന്മ സ്റ്റോറിലേക്ക് 800 പെൻസിലുകൾ കൊടുത്തു. രണ്ട് ബാഗിലായാണ് കൊടുത്തത്. ഓരോ ബാഗിലും എത്ര പെൻസിലുകൾ ?

താഴെയുള്ള പട്ടിക പൂർത്തിയാക്കുക.

| ബാഗ് 1 | ബാഗ് 2 | ആകെ |
|---|---|---|
| 400 | 400 | 800 |
| 100 | | 800 |
| | | 800 |
| | | 800 |

നൂറുകളുടെ കൂട്ടങ്ങളാക്കി എഴുതൂ...

300 + 400

700

900

600

| തുല്യമായ കൂട്ടം | |
|---|---|
| 100 +100 | = ______ |
| 250 + ______ | = 500 |
| 300 + 300 | = ______ |
| ______+ ______ | = 700 |
| ______+ ______ | = 900 |

## മാറിപ്പോയി

സ്കൂളിലേക്ക് 870 പെൻസിലുകൾ 100 ന്റെയും 10 ന്റെയും പാക്കറ്റുകളാക്കാൻ പറഞ്ഞപ്പോൾ മിൻഹ 7 നൂറിന്റെയും 8 പത്തിന്റെയും പാക്കറ്റുകളാണ് ആക്കിയത്.
എത്ര എണ്ണം പാക്കറ്റിലാക്കി ? ഇനി എത്ര ബാക്കിയുണ്ട് ?

| ചോദ്യം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത്. | ഉത്തരം കണക്കാക്കാൻ വേണ്ട വിവരങ്ങൾ. |
|---|---|
| | |
| **ഞാൻ ചെയ്ത രീതി.** | **ഉത്തരം.** |
| | |

## പെൻഷൻ വന്നു




ആകെ എത്ര രൂപ വേണം ?







ഓരോ ദിവസവും കുടുക്കയിലുള്ള തുക എത്രയെന്ന് മിൻഹ കണ്ടെത്തി കാർഡിൽ എഴുതി. കാർഡ് പൂർത്തിയാക്കൂ...

| ഓരോ ദിവസവും കിട്ടിയത് | സ്ഥാനവില കാർഡ് വെച്ച് നോക്കിയപ്പോൾ | തുക |
|---|---|---|
| ഒന്നാം ദിവസം | 1 0 0 | 100 |
| രണ്ടാം ദിവസം | 1 0 0   1 | 100 + 1 = 101 |
| അഞ്ചാം ദിവസം | | |
| ആറാം ദിവസം | | |
| എട്ടാം ദിവസം | | |
| ഒൻപതാം ദിവസം | | |
| പത്താം ദിവസം | | |
| പതിനൊന്നാം ദിവസം | | |

ഇരുപത്തൊന്നാം ദിവസം എത്ര രൂപ ?

അമ്പത്തിനാലാം ദിവസം എത്ര രൂപ ?

## ആരോഗ്യസർവെ

ആരോഗ്യസർവെ നടക്കുകയാണ്. വീട്ടുനമ്പർ ക്രമത്തിലാണ് സർവെ. അവർ മിൻഹയുടെ വീട്ടിലെത്തി. അവളുടെ വീട്ടുനമ്പർ 296 ആണ്. തുടർന്ന് സർവെ നടത്തിയ വീടുകളിൽ നമ്പർ ക്രമമായി എഴുതൂ... വീടുകൾക്ക് നിങ്ങൾക്ക് ഇഷ്ടമുള്ള നിറം കൊടുക്കൂ.



## പെൻസിലിന്റെ വില

മിൻഹയുടെ അച്ഛന്റെ കമ്പനിയിൽ നിന്നും അനയ് ഒരു പെട്ടി പെൻസിൽ വാങ്ങി. 300 രൂപയാണ് വില. ഏതൊക്കെ രീതിയിലായിരിക്കും നോട്ടുകൾ കൊടുത്തത് ?




ഞാൻ കണക്കാക്കിയ രീതി.

ചങ്ങാതി കണക്കാക്കിയ രീതി.

ചിത്രത്തിൽ നൽകിയ എല്ലാ നോട്ടുകളും നാണയങ്ങളും ഓരോന്നുവീതം ചേർന്നാൽ ആകെ എത്ര രൂപയാകും ?

ഈ സംഖ്യ അബാക്കസിൽ വരച്ചു കാണിക്കാമോ ?





നൂറ് പത്ത് ഒന്ന്

അബാക്കസിൽ ഏത് സംഖ്യയാണ് ?



നൂറ് പത്ത് ഒന്ന്

സംഖ്യ എത്രയാണ് ?

ഈ ചിത്രത്തിൽ സംഖ്യ 764 ആകും വിധം മുത്തുകൾ വരയ്ക്കുക.



നൂറ് പത്ത് ഒന്ന്

മുത്തുകൾ വരച്ച് ചേർത്ത് സംഖ്യ ഉണ്ടാക്കൂ... എഴുതൂ...

## ചെക്കിലെഴുതാം

മിൻഹയുടെ അച്ഛന്റെ കൈയിലുള്ള ചെക്ക് നോക്കൂ... സംഖ്യ അക്ഷരത്തിൽ മാത്രമാണ് എഴുതിയത്. അത് അക്കത്തിലെഴുതൂ...



തിരുവനന്തപുരം ബ്രാഞ്ച് - 0123
തിരുവനന്തപുരം 695001
ഐ.എഫ്.എസ്. കോഡ് - KSC0001234

0 8 0 7 2 0 2 4
ദിവസം മാസം വർഷം

തുക നൽകേണ്ട വ്യക്തിയുടെ പേര് രാഘവൻ

തുക ആയിരം

രൂപ മാത്രം ₹

അക്കത്തിൽ

അക്കൗണ്ട് നമ്പർ KSC 0000320237

ഇതിൽ രേഖപ്പെടുത്തിയ തീയതി മുതൽ മൂന്ന് മാസം വരെ
ഈ ചെക്കിന് കാലാവധി ഉണ്ടായിരിക്കുന്നതാണ്.

ഇവിടെ ഒപ്പ് രേഖപ്പെടുത്തുക

⑈322401⑈ 67300903 2⑆ 000611⑈ 31

പട്ടിക പൂരിപ്പിക്കുക.

| അക്കത്തിൽ | അക്ഷരത്തിൽ |
|---|---|
| 125 | |
| | നാന്നൂറ്റി അഞ്ച് |
| | എണ്ണൂറ്റി തൊണ്ണൂറ് |
| | മുന്നൂറ്റി നാല്പത്തി രണ്ട് |
| 617 | |
| 550 | |
| 261 | |

## ബാങ്കിൽ പണമടയ്ക്കാൻ

ബാങ്കിൽ പണം നിക്ഷേപിക്കാനുള്ള സ്ലിപ്പ് നോക്കൂ, ബാങ്കിൽ കൊടുക്കുന്ന നോട്ടുകളുടെ എണ്ണവും ആകെ തുകയും അതിൽ എഴുതണം.

മിൻഹയുടെ അച്ഛൻ 800 രൂപ അടയ്ക്കാൻ 6 നോട്ടുകളാണ് ബാങ്കിൽ കൊടുത്തത്. ഏതൊക്കെ നോട്ടുകളാണ് കൊടുത്തിട്ടുണ്ടാവുക ?

അക്കൗണ്ട് നമ്പർ ☐☐☐☐☐☐☐☐☐☐☐ തീയതി ____________

അക്കൗണ്ട് ഉടമയുടെ പേര് ____________

| ബാങ്ക് & ബ്രാഞ്ച് | ചെക്ക് നമ്പർ | തുക |
|---|---|---|
| | | ₹ |
| | | ₹ |
| | | ₹ |
| | ആകെ | ₹ |

| രൂപ | തുക |
|---|---|
| 500 x | ₹ |
| 200 x | ₹ |
| 100 x | ₹ |
| 50 x | ₹ |
| 20 x | ₹ |
| 10 x | ₹ |
| 5 x | ₹ |
| 2 x | ₹ |
| 1 x | ₹ |
| നാണയങ്ങൾ | ₹ |
| ആകെ | ₹ |

തുക അക്ഷരത്തിൽ ____________

____________

തുക നിക്ഷേപിക്കുന്ന വ്യക്തിയുടെ പേര് ____________

തുക നിക്ഷേപിക്കുന്ന വ്യക്തിയുടെ ഒപ്പ് ____________

## നോട്ടുകളുടെ എണ്ണം

എന്റെ കൈവശം 370 രൂപ ബാക്കിയുണ്ട്. ഇതിലെ അക്കങ്ങളുടെ തുകയ്ക്ക് തുല്യമായ എണ്ണം നോട്ടുകളാണ് ഉള്ളത്. ഏതൊക്കെ നോട്ടുകൾ എത്ര വീതം ഉണ്ടാകും ?



### തുക പത്ത്

109 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുക 1 + 0 + 9 = 10

118 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുക എത്രയാണ് ?

മറ്റൊരു സംഖ്യ 127 ആണല്ലോ ?

അക്കങ്ങളുടെ തുക 10 കിട്ടുന്ന എത്ര സംഖ്യകൾ ?

| | |
|---|---|
| 100 നും 200 നും ഇടയിൽ | |
| 200 നും 300 നും ഇടയിൽ | |
| 300 നും 400 നും ഇടയിൽ | |
| ആകെ എത്ര മൂന്നക്ക സംഖ്യകൾ ? | |



എന്റെ കൈവശം 100 രൂപ, 10 രൂപ നോട്ടുകളും 1 രൂപ നാണയങ്ങളും ചേർന്ന് 456 രൂപയുണ്ട്. ഏറ്റവും കുറഞ്ഞത് എത്ര നോട്ടുകളും നാണയങ്ങളും ചേർന്നാൽ 456 രൂപയാകും ?

6 നൂറ് രൂപ, 8 പത്തുരൂപ,
5 ഒരു രൂപ ചേർന്നാൽ എത്ര രൂപയാകും ?

4 നൂറ് രൂപയും 9 ഒരു രൂപയും ചേർന്നാലോ ?

മുന്നൂറു രൂപ

| | |
|---|---|
| 3 നൂറ് രൂപ | ................അമ്പത് രൂപ. |
| ................ പത്ത് രൂപ | ................ അഞ്ച് രൂപ |
| ................ ഇരുപത് രൂപ | ................ ഒരു രൂപ |

## കോർണർ പി. ടി. എ.






അച്ഛൻ കോർണർ പി.ടി.എ.യ്ക്ക് വേണ്ടി ആറ് കിലോഗ്രാം പഴം വാങ്ങി. ഒരു കിലോഗ്രാം പഴത്തിന് 50 രൂപയാണ് വില. 500 രൂപ കടയിൽ കൊടുത്തു. ബാക്കി മൂന്ന് തരം നോട്ടുകൾ ആണ് തിരിച്ച് കിട്ടിയത്. ഏതൊക്കെ നോട്ടുകളാണ് തിരിച്ചുകിട്ടിയത് ?

ഓരോന്നും എത്രവീതം?

| നോട്ട് | എണ്ണം |
|---|---|
| | |
| | |
| | |

തിരിച്ച് കിട്ടിയത് നാല് തരം നോട്ടുകൾ ആണെങ്കിലോ ?

| നോട്ട് | എണ്ണം |
|---|---|
| | |
| | |
| | |
| | |

## ഡ്രാഗൺ

മിൻഹയും കൂട്ടുകാരും പാർക്കിലെത്തി.



ഇവിടെ ഒരു ഡ്രാഗൺ,
നമുക്ക് അതിൽ കളിക്കാം.

ഡ്രാഗണിൽ തുടർന്നു വരുന്ന സംഖ്യകൾ എഴുതൂ...




വായിക്കൂ... സംഖ്യകളെഴുതൂ...

| | | | |
|---|---|---|---|
| എണ്ണൂറ്റി തൊണ്ണൂറ്റി ഒൻപത് | | തൊള്ളായിരത്തി തൊണ്ണൂറ് | |
| തൊള്ളായിരം | | തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് | |
| തൊള്ളായിരത്തി ഒന്ന് | | തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട് | |

## സഹോദരന്റെ സമ്മാനം




മിൻഹസ്സ് ചേട്ടൻ ഒരു സമ്മാനം കൊടുത്തു. കേരളത്തിലെ നദികൾ അടയാളപ്പെടുത്തിയ ചിത്രം. അവൾക്ക് സമ്മാനം വളരെ ഇഷ്ടപ്പെട്ടു.

കേരളത്തിലെ ചില നദികളുടെ പേരും അവയുടെ നീളവും അവർ പട്ടികയിൽ എഴുതിയത് നോക്കൂ... ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ...

| നദിയുടെ പേര് | നീളം (കിലോമീറ്റർ) |
|---|---|
| മഞ്ചേശ്വരം പുഴ | 16 |
| വളപട്ടണം പുഴ | 110 |
| ചാലിയാർ | 169 |
| ഭാരതപ്പുഴ | 209 |
| പെരിയാർ | 244 |
| പമ്പയാർ | 176 |
| അച്ചൻകോവിലാർ | 128 |
| നെയ്യാർ | 56 |
| കല്ലടയാർ | 121 |

ഏറ്റവും നീളം കൂടിയ നദി

ഏറ്റവും നീളം കുറഞ്ഞ നദി

ചാലിയാറിനേക്കാൾ നീളം കൂടിയ എത്ര നദികളാണ് പട്ടികയിൽ ഉള്ളത് ? നീളത്തിനനുസരിച്ച് വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതൂ...

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1.** പാറ്റേൺ പൂർത്തിയാക്കാം.

11, 22, 33, 44, ____ , ____

150, 250, 350, ____ , ____

100, 101, 103, 106 ____ , ____

990, 980, 970, ____ , ____

എന്റെ വക.

____ , ____, ____, ____

____ , ____, ____, ____

____ , ____, ____, ____

____ , ____, ____, ____

**2.** ഞാനാരെന്ന് പറയാമോ ?

ഞാൻ

- രണ്ടക്ക സംഖ്യയാണ്.
- 80 ൽ കൂടുതലാണ്.
- ഒന്നുകളുടെ സ്ഥാനത്തെ അക്കം പത്തുകളുടെ സ്ഥാനത്തെ അക്കത്തേക്കാൾ 1 കൂടുതലാണ്.

ഞാനാര് ?

ഞാൻ

- മൂന്നക്ക സംഖ്യയാണ്.
- അക്കങ്ങളുടെ തുക 15 ആണ്.
- ഒന്നുകളുടെ സ്ഥാനത്തെ അക്കത്തേക്കാൾ 8 കുറവാണ് നൂറാം സ്ഥാനത്തെ അക്കം.

ഞാനാര് ?

ഇതുപോലെ ഒരു ചോദ്യം നിങ്ങളും നോട്ടുബുക്കിൽ എഴുതൂ...

ചോദ്യങ്ങൾ കൂട്ടുകാരുമായി കൈമാറി ഉത്തരങ്ങൾ കണ്ടുപിടിക്കൂ...

**3.** സ്കൂൾ സ്റ്റോർ

സ്കൂൾ സ്റ്റോറിലേക്ക് 950 പെൻസിലുകൾ വേണം. മിൻഹ 7 പെട്ടി പെൻസിലുകളും 6 പാ്കറ്റ് പെൻസിലുകളും കൊടുത്തു. ഒരു പെട്ടിയിൽ 100 പെൻസിലുകളും ഒരു പാക്കറ്റിൽ 10 പെൻസിലുകളുമാണുള്ളത്. ഇനി എത്ര പെൻസിലുകൾ കൂടി കൊടുത്താൽ 950 ആകും ?

എങ്ങനെയാണ് കണക്കാക്കിയത് ?

950 പെൻസിലുകൾ പെട്ടിയിലും പാക്കറ്റിലുമായാണ് കൊടുക്കുന്നതെങ്കിലോ?

പെട്ടികളുടെ എണ്ണം ______ പാക്കറ്റുകളുടെ എണ്ണം ______

**4.** വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കുക.

| | | | | | |
|---|---|---|---|---|---|
| *i.* | 301 | 401 | 501 | | |
| *ii.* | 299 | 399 | 499 | | |
| *iii.* | 300 | 400 | 500 | | |

# 3

# ആയിരം... ആയിരം




ST-389-3-MATHS (M)-3-VOL-1

## കായികമേള



പൂമലക്കാട്ടിൽ കായികമേള നടക്കുകയാണ്. മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവരും ചെസ്റ്റ് നമ്പർ വാങ്ങേണ്ടതാണ്. 986 മുതലുള്ള 15 പേർ ലോങ്ജമ്പ് മത്സരത്തിന് തയ്യാറാകുക.




ലോങ്ജമ്പ് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ചെസ്റ്റ് നമ്പറുകൾ എഴുതുക.

| | | | | |
|---|---|---|---|---|
| **986** | | | | **990** |
| | | | | |
| | | | | |













1002, 1003, 1004, ......., ........, ........, ........, ........., ........., ........, 1012

## അനൗൺസ്മെന്റ്

മഞ്ചാടിപെറുക്കൽ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ചെസ്റ്റ് നമ്പരുകളാണ് പട്ടികയിൽ. അനൗൺസ് ചെയ്യണമെങ്കിൽ ഒഴിഞ്ഞ കളങ്ങൾ പൂർത്തിയാക്കണം. കുട്ടനാനയെ സഹായിക്കാമോ ?

| | |
|---|---|
| **879** | എണ്ണൂറ്റി എഴുപത്തി ഒൻപത് |
| **904** | |
| **918** | |
| **906** | |
| **809** | |
| **749** | |



## എ.ടി.എം.

സമ്മാനം സ്പോൺസർ ചെയ്തത് റ്റിറ്റു തത്തയാണ്. സമ്മാനങ്ങൾക്ക് 760 രൂപയായി. പണമെടുക്കാൻ എ.ടി.എം. ൽ പോയി. കാട്ടിലെ എ.ടി. എമ്മിൽ 100 ന്റെയും, 10 ന്റെയും 1 ന്റെയും നോട്ടുകളും നാണയങ്ങളും മാത്രമേയുള്ളൂ. ഏതൊക്കെ നോട്ടുകളും നാണയങ്ങളും കിട്ടിയിട്ടുണ്ടാകും ? എത്ര വീതം ?



ഞാൻ കണക്കാക്കിയത്

## പണം ശേഖരിക്കാം

കായികമേളയുടെ ഭക്ഷണത്തിനായി പണം ശേഖരിക്കാൻ നാലു പേരെ ചുമതലപ്പെടുത്തി. കിട്ടിയ തുക എഴുതിയിരിക്കുന്നത് നോക്കൂ...

| ചുമതല | 100 രൂപ നോട്ടുകൾ | 10 രൂപ നോട്ടുകൾ | 1 രൂപ നാണയങ്ങൾ | തുക |
|---|---|---|---|---|
|  | 9 | 8 | 3 | 983 |
|  | 7 | 14 | | |
|  | | | | 785 |
|  | | 10 | | 909 |

ചക്കിപ്പരുന്ത് ശേഖരിച്ച തുക 785. ഈ തുക എങ്ങനെയൊക്കെയാകാം എന്ന് കാട്ടിലെ കൂട്ടുകാർ ആലോചിച്ചത് നോക്കൂ...

| | | | |
|---|---|---|---|
|  | 7 നൂറുകൾ<br>........... പത്തുകൾ<br>5 ഒന്നുകൾ | ................. ഒന്നുകൾ |  |
|  | 7 നൂറുകൾ<br>........... ഒന്നുകൾ | 78 ........... 5........... |  |
|  | 700 + ........... + 5 | 70 പത്തുകൾ<br>85 ........... |  |
|  | 6 നൂറുകൾ<br>........... പത്തുകൾ<br>5 ഒന്നുകൾ | 600 + ........... |  |

കുഞ്ഞൻ മൂങ്ങയ്ക്ക് കിട്ടിയ 909 രൂപയെ വ്യത്യസ്ത രീതിയിൽ നോട്ടുബുക്കിൽ എഴുതൂ...

## തീറ്റമത്സരം

തീറ്റമത്സരത്തിനായി കരിമ്പ് കെട്ടുകളാക്കി വയ്ക്കുകയാണ് മല്ലനാന. 100 എണ്ണം വീതമുള്ള 20 കെട്ടുകൾ തയ്യാറാക്കിവച്ചു. ആകെ എത്ര കരിമ്പുകൾ?



തീറ്റമത്സരം നടക്കുന്നിടത്തേക്ക് കരിമ്പ് കൊണ്ടുപോകാമെന്ന് ജിമ്പൻ ജിറാഫും ബാലുക്കരടിയും ഡിങ്കു കഴുതയും സമ്മതിച്ചു. എത്ര എണ്ണം വീതമാണ് ഓരോരുത്തരും കൊണ്ടുപോയത് ?

| | കരിമ്പുകെട്ടിന്റെ എണ്ണം | കരിമ്പുകളുടെ എണ്ണം |
|---|---|---|
|  | **6** | |
|  | **10** | |
|  | | |

തീറ്റ മത്സരത്തിനായി കൊണ്ടുവന്ന 2000 മാമ്പഴം 4 ചാക്കുകളിൽ തുല്യമായി വച്ചിരിക്കുകയാണ്. ഓരോ ചാക്കിലും എത്ര വീതം ?

   

## വെള്ളംകുടി മത്സരം









50 ലിറ്റർ, 20 ലിറ്റർ,
10 ലിറ്റർ വെള്ളം വീതം
നിറച്ച പാത്രങ്ങളാണുള്ളത്.
ഏറ്റവും കൂടുതൽ വെള്ളം
കുടിക്കുന്നയാൾ ജയിക്കും.



ഓരോരുത്തരും കുടിച്ച വെള്ളത്തിന്റെ അളവ് നോക്കൂ...
പട്ടിക പൂർത്തിയാക്കൂ...

| പേര് | വെള്ളത്തിന്റെ അളവ് | | | ആകെ ലിറ്റർ |
|---|---|---|---|---|
| | 50 ലിറ്റർ | 20 ലിറ്റർ | 10 ലിറ്റർ | |
| ജിമ്പൻ ജിറാഫ് | 1 | 3 | 1 | |
| കൊമ്പനാന | 3 | 4 | 2 | |
| ജിന്റുക്കരടി | | 2 | 2 | |
| കുട്ടനൊട്ടകം | | 5 | 10 | |
| മല്ലൻകടുവ | | | | 80 |
| ചില്ലുകാട്ടുപോത്ത് | | | | 100 |

ആരാണ് ജയിച്ചത് ?

50 ലിറ്ററിന്റെ 2 പാത്രം വെള്ളം കുടിക്കുന്നതിനു പകരം
20 ലിറ്ററിന്റെ എത്ര പാത്രം വെള്ളം കുടിക്കണം?

10 ലിറ്ററിന്റെ പാത്രത്തിലെ വെള്ളമായാലോ?




ഓരോരുത്തരും കുടിച്ച വെള്ളത്തിന്റെ ലിറ്ററിലുള്ള അളവ് ആരോഹണക്രമത്തിലെഴുതൂ...

## സമ്മാനക്കൂപ്പൺ




കായികമത്സരത്തിൽ ആദ്യത്തെ മൂന്നു സ്ഥാനങ്ങളിൽ വന്നവർക്ക് കങ്കാരു സ്പോർട്സ് 900 രൂപ വീതമുള്ള സമ്മാനക്കൂപ്പണുകൾ നൽകി. ഓരോരുത്തർക്കും മൂന്നു സാധനങ്ങൾ തിരഞ്ഞെടുക്കാം. അവർ തിരഞ്ഞെടുത്തത് ഏതൊക്കെ സാധനങ്ങളാകാം ?

| സാധനം | വില (രൂപ) |
|---|---|
| ക്രിക്കറ്റ് ബാറ്റ് | 750 |
| ഷട്ടിൽബാറ്റ് | 300 |
| ഫുട്ബോൾ | 650 |
| ഷട്ടിൽ കോക്ക് | 250 |
| നെറ്റ് | 400 |
| വോളിബോൾ | 350 |

| സാധനം | വില (രൂപ) |
|---|---|
| ഷൂസ് | 600 |
| ജഴ്സി | 200 |
| ഗ്ലൗസ് | 150 |
| ചെസ് ബോർഡ് | 100 |
| ക്രിക്കറ്റ്ബോൾ | 50 |

| | തിരഞ്ഞെടുത്ത സാധനങ്ങൾ | വില |
|---|---|---|
|  | | |
| | | |
| | | |
|  | | |
| | | |
| | | |
|  | | |
| | | |
| | | |

## കുട്ടികളുടെ മത്സരം

കുട്ടികളുടെ മത്സരത്തിനായി ചെസ്റ്റ് നമ്പറുകൾ തയ്യാറാക്കുന്നത് മിട്ടു മുയലാണ്.

- 100 മീറ്റർ ഓട്ടമത്സരത്തിനായി 10 മുതൽ 20 വരെയുള്ള ചെസ്റ്റ് നമ്പറുകൾ തയ്യാറാക്കി. ചെസ്റ്റ് നമ്പറുകളെഴുതിയ എത്ര കാർഡുകളുണ്ട് ?
- നീന്തൽമത്സരത്തിന് 30 മുതൽ 50 വരെയുള്ള കാർഡുകൾ ഉണ്ടാക്കി. എത്ര പേർക്കാണ് കാർഡുകൾ കൊടുത്തത് ?
- നെല്ലിക്ക പെറുക്കൽ കളിക്കായി 60 മുതൽ 100 വരെ കാർഡുകൾ ഉണ്ടാക്കണം. എത്ര കാർഡുകൾ വേണം ?

ഞാൻ കണ്ടുപിടിച്ച രീതി.

- ആകെ രണ്ടക്കസംഖ്യകൾ എത്ര ?
- 100 മുതൽ 200 വരെ എത്ര സംഖ്യകൾ ?
- ആകെ എത്ര മൂന്നക്ക സംഖ്യകൾ ?
- 1 നും 100 നും ഇടയിൽ എത്ര ഒറ്റസംഖ്യകൾ ഉണ്ട് ?
- 1 നും 100 നും ഇടയിലുള്ള ഇരട്ടസംഖ്യകളുടെ എണ്ണം എത്രയാണ് ?

ഞാൻ കണക്കാക്കിയ രീതി.

മറ്റേതെങ്കിലും രീതികളുണ്ടോ ?

## കാർഡുകളി






ഓരോരുത്തർക്കും 4 കാർഡുകൾ വീതം കൊടുക്കും. അക്കങ്ങൾ ആവർത്തിക്കാതെ ഏറ്റവും കൂടുതൽ മൂന്നക്ക സംഖ്യകൾ ഉണ്ടാക്കുന്ന ആളാണ് ജയിക്കുക.

മണിയനുറുമ്പിന് കിട്ടിയ കാർഡുകൾ നോക്കൂ...

| | | | |
|---|---|---|---|
| **9** | **3** | **2** | **5** |

ഏതൊക്കെ മൂന്നക്കസംഖ്യകളായിരിക്കും ഉണ്ടാക്കിയത് ?

ഉണ്ടാക്കിയ ഏറ്റവും വലിയ സംഖ്യ

ഏറ്റവും ചെറിയ സംഖ്യ

ഏറ്റവും ചെറിയ സംഖ്യ അബാക്കസിൽ വരച്ചു കാണിക്കൂ.



തുടർച്ചയായ രണ്ട് സംഖ്യകളുടെ തുകയുടെ പ്രത്യേകതയെന്താണ് ?

1 + 2,   2 + 3, ...           5 + 6,   6 + 7, ...

കൂടുതൽ ഉദാഹരണങ്ങൾ ചെയ്ത് പ്രത്യേകത കണ്ടുപിടിക്കൂ.

- രണ്ട് ഒറ്റസംഖ്യകളുടെ തുകയുടെ പ്രത്യേകതയെന്താണ് ?
- രണ്ട് ഇരട്ടസംഖ്യകളുടെ തുകയോ ?
- 6 ഉം 60 ഉം 600 ഉം ചേർന്നാലെത്ര?
- 8 നൂറുകൾ ചേർന്ന സംഖ്യ എത്ര പത്തുകൾ ചേർന്നതിന് തുല്യമാണ് ?

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1.** 7 നൂറും 6 പത്തും 5 ഒന്നും ചേർത്ത് സംഖ്യയുണ്ടാക്കിയപ്പോൾ 675 എന്നെഴുതി. ശരിയായ സംഖ്യ ഏതാണ് ? 675 ന്റെ കൂടെ എത്ര പത്തുകൾ ചേർത്താൽ ശരിയായ സംഖ്യ ആകും ?

**2.** അബാക്കസിലെ 100 ന്റെ സ്ഥാനത്തു നിന്ന് ഒരു മുത്തെടുത്ത് പത്തിന്റെ സ്ഥാനത്ത് ഇട്ടാൽ സംഖ്യ എത്ര കുറയും ?

ഇപ്പോഴത്തെ സംഖ്യ

മുത്ത് മാറ്റുമ്പോഴുള്ള സംഖ്യ




100 ന്റെ സ്ഥാനത്തെ ഒരു മുത്ത് ഒന്നിന്റെ സ്ഥാനത്ത് ഇട്ടാൽ സംഖ്യ എത്ര കുറയും ?

അബാക്കസിൽ ഇപ്പോഴുള്ള മുത്തുകൾ മാത്രം ഉപയോഗിച്ച് ഉണ്ടാക്കാവുന്ന

ഏറ്റവും വലിയ മൂന്നക്കസംഖ്യ

ഏറ്റവും ചെറിയ മൂന്നക്കസംഖ്യ

**3.** പാറ്റേൺ പൂർത്തിയാക്കാം.

- 596, 597, 598, ……..,  ……..
- 102, 112, 122, ……..,  ……..
- 123, 234, 345, ……..,  ……..
- 986, 886, 786, ……..,  ……..
- 900, 890, 880, ……..,  ……..
- 

**4.** കളം പൂർത്തിയാക്കൂ...

789 ഒന്നുകൾ

789

78 പത്തുകൾ

9 ഒന്നുകൾ

# 4

# കൂട്ടുകൂടാം



## ഗണിതോത്സവം







### സ്റ്റാൾ - 1
**കൂട്ടി നോക്കൂ... നിറം കൊടുക്കൂ...**

പെട്ടിയിൽ നിന്ന് രണ്ട് കാർഡെടുക്കൂ...
തുക കണക്കാക്കൂ... പൂവിന് നിറം കൊടുക്കൂ...






എനിക്ക്
കിട്ടിയത്



## ജോടിയാക്കാം

| ജോടി | തുക |
|---|---|
| 1 + 9 | 10 |
| ........ + ........ | 10 |
| ........ + ........ | 10 |
| ........ + ........ | 10 |
| ........ + ........ | 10 |

| ജോടി | തുക |
|---|---|
| 1 + ........ | 100 |
| ........ + 65 | 100 |
| 60 + ........ | 100 |
| 70 + ........ | 100 |
| ........ + 45 | 100 |




100 തുകയായി വരുന്ന ജോടികൾ ഇനിയുമുണ്ടല്ലോ... കണ്ടുപിടിക്കാമോ ?

ഞാൻ കണ്ടുപിടിച്ചത്.

49 + 51 = 100
48 + 52 = 100
100 തുകയായി വരുന്ന എല്ലാ ജോടികളും എളുപ്പത്തിൽ കണ്ടെത്താൻ കഴിയില്ലേ...



2 എണ്ണമാണ് ഒരു ജോടി. 100 തുകയായി വരുന്ന ഒരു ജോടി സംഖ്യകളാണല്ലോ 80 ഉം 20 ഉം.

100 തുകയായി വരുന്ന എല്ലാ ജോടികളും തമ്മിൽ ചേർത്ത് വരയ്ക്കൂ...




### ആയിരത്തിന്റെ ജോടികൾ

50 + 950 = 1000
150 + 850 = ☐
250 + ☐ = 1000
☐ + 650 = 1000
450 + ☐ = 1000

## സ്റ്റാൾ - 2

### തുണിക്കട




500 രൂപയുണ്ടെങ്കിൽ നമുക്ക് ഏതൊക്കെ രണ്ടു വസ്തുങ്ങൾ വാങ്ങാം?

വില നോക്കി നിങ്ങളും കണക്കാക്കി നോക്കൂ..

**ബില്ല് 1**

| ഇനം | വില (രൂപ) |
|---|---|
| ........ | ........ |
| ........ | ........ |
| ആകെ | 500 |

**ബില്ല് 2**

| ഇനം | വില (രൂപ) |
|---|---|
| ........ | ........ |
| ........ | ........ |
| ആകെ | 500 |

## സ്റ്റാൾ - 3
### സംഖ്യാസൗന്ദര്യം

ഈ അക്കങ്ങൾ ഒരു തവണ ഉപയോഗിച്ചെഴുതാവുന്ന സംഖ്യകൾ ഏതൊക്കെയാണ് ? ഇതിൽ ഏറ്റവും വലിയ സംഖ്യ ഏതാണ് ? ഏറ്റവും ചെറിയ സംഖ്യയോ ? രണ്ട് സംഖ്യകളും കൂട്ടിയാലെത്ര കിട്ടും ?

| | |
|---|---|
| 1 | 3 |
| 2 | |

എനിക്ക് കിട്ടിയ സംഖ്യകൾ

എനിക്ക് കിട്ടിയ വലിയ സംഖ്യ ______ ചെറിയ സംഖ്യ ______

**തുക**

എന്റെ ഊഹം ______ നും ______ നും ഇടയിൽ.

കൂട്ടിയപ്പോൾ കിട്ടിയ സംഖ്യ ______

2, 3, 4 എന്നീ അക്കങ്ങൾ ഉപയോഗിച്ചാലോ ?

വലിയ സംഖ്യ ______

ചെറിയ സംഖ്യ ______

കൂട്ടിയപ്പോൾ കിട്ടിയ സംഖ്യ ______

3, 4, 5 എന്നീ അക്കങ്ങൾ ഉപയോഗിച്ച് എഴുതിയാലോ ?

വലിയ സംഖ്യ ______

ചെറിയ സംഖ്യ ______

കൂട്ടിയപ്പോൾ കിട്ടിയ സംഖ്യ ______

കിട്ടിയ തുകയിലെ അക്കങ്ങളുടെ പ്രത്യേകത.

ക്രിയ ചെയ്യാതെ ഉത്തരം എഴുതൂ... കണ്ടെത്തിയ രീതി പറയൂ...

| | | |
|---|---|---|
| 310 + 230 | = | 540 |
| 317 + 230 | = | |
| 315 + 231 | = | |
| 308 + 232 | = | |

## സ്റ്റാൾ - 4
## കൂട്ടുകൂടാം... കളിക്കാം...

സ്വാഗതം !
വന്നവർക്കെല്ലാം
സമ്മാനപ്പൊതിയുണ്ട്.




**ബിബിക്കും ജെബിക്കും കിട്ടിയ നോട്ടുകൾ**

| നോട്ടുകൾ/ നാണയങ്ങൾ | ബിബിക്ക് കിട്ടിയത് | | ജെബിക്ക് കിട്ടിയത് | |
|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക |
| 200 | 2 | | 0 | |
| 100 | 0 | | 2 | |
| 50 | 4 | | 0 | |
| 20 | 3 | | 0 | |
| 10 | 4 | | 5 | |
| 5 | 0 | | 2 | |
| | ആകെ | | ആകെ | |

ബിബിക്ക് കിട്ടിയത് ______ ജെബിക്ക് കിട്ടിയത് ______

ആകെ ______

1000 രൂപ ആകുവാൻ ഇനി വേണ്ടത്. ______

നിങ്ങളും കളിക്കൂ... പട്ടികപ്പെടുത്തി തുക കണക്കാക്കൂ...

നോട്ടുബുക്കിൽ ചെയ്യണേ...




## സ്റ്റാൾ - 5
## കളിക്കാം...രസിക്കാം...

| | | | |
|---|---|---|---|
| 312 | 146 | 205 | 320 |
| 148 | 237 | 419 | 400 |
| 315 | 236 | 226 | 145 |
| 536 | 325 | 200 | 130 |

കിട്ടിയ സംഖ്യകൾ : 237, 146



രണ്ട് തവണ ടോക്കൺ എറിയൂ... കിട്ടിയ സംഖ്യകളുടെ തുക കണക്കാക്കൂ.

ആദ്യ തവണ ടോക്കൺ എറിഞ്ഞപ്പോൾ ബിബിക്കും ജെബിക്കും ഒരേ സംഖ്യകളാണ് കിട്ടിയത്. രണ്ടുപേരും ഉത്തരം കണ്ടുപിടിച്ച രീതി നോക്കൂ...

**ബിബിയുടെ രീതി.**

$$
\begin{aligned}
237 + 146 &= 200 + 30 + 7 + 100 + 40 + 6 \\
&= 200 + 100 + 30 + 40 + 7 + 6 \\
&= 300 + 70 + 13 \\
&= 300 + 83 \\
&= 383
\end{aligned}
$$

**ജെബിയുടെ രീതി.**

$$
\begin{aligned}
237 &= 230 + 7 \\
146 &= 140 + 6 \\
237 + 146 &= 370 + 13 = 383
\end{aligned}
$$

| നൂറുകൾ | പത്തുകൾ | ഒന്നുകൾ |
|---|---|---|
| 2 | 3 | 7 + |
| 1 | 4 | 6 |
| | 1 | |
| 3 | 8 | 3 |

7 ഉം 6 ഉം കൂട്ടിയപ്പോൾ 13 കിട്ടി. 13 ലെ 10, പത്തുകളുടെ സ്ഥാനത്തേക്ക് മാറ്റി.

237 നോട് 146 കൂട്ടിയാൽ 383 കിട്ടും. 236 നോട് 148 കൂട്ടിയാൽ എത്ര കിട്ടും ? മനക്കണക്കായി പറയൂ...

മിൻഹസ്ക്ക് കിട്ടിയ സംഖ്യകൾ 536, 325 എന്നിവയാണ്. തുക കണക്കാക്കിയത് നോക്കൂ.

536 = 500 + 30 + 6

325 = 300 + 20 + 5

536 + 325 = 800 + 50 + 11 = 861

```
536 +
300
-----
836 +
 20
-----
856 +
  5
-----
861
```

നമുക്കും ടോക്കൺ എറിഞ്ഞ് കളിക്കാം.

ഒരാൾക്ക് രണ്ട് തവണ എറിയാം.

ഓരോ തവണയും കിട്ടിയ സംഖ്യകളുടെ തുക കണക്കാക്കുക.

എനിക്ക് കിട്ടിയ സംഖ്യകൾ.

ഒന്നാം കളി :

രണ്ടാം കളി :

തുക കണക്കാക്കിയ രീതി

തുക കണക്കാക്കിയ രീതി

## വമ്പനെ കണ്ടെത്തൂ...

| | | | |
|---|---|---|---|
| | | | |
| 590 | | | |
| | | 164 | |
| 199 | 146 | 99 | 65 |



164 എങ്ങനെയാണ് കിട്ടിയത് ?



199 നോട് 1 കൂട്ടിയാൽ വമ്പന് വരുന്ന മാറ്റം എന്താണ് ? ക്രിയ ചെയ്യാതെ പറയണേ...



146 നോട് 1 കൂട്ടി നോക്കൂ... വമ്പന്റെ സ്ഥാനത്ത് എത്രയായിരിക്കും ? ക്രിയ ചെയ്യാതെ പറയണേ...



199 നോട് 2 കൂട്ടി നോക്കൂ... വമ്പന്റെ സ്ഥാനത്ത് എത്രയായിരിക്കും ?

താഴെയുള്ള 4 സംഖ്യകളോടും ഒന്ന് വീതം കൂട്ടിയാൽ വമ്പൻ എത്ര കൂടും ?

എങ്ങനെയാണ് കണക്കാക്കിയതെന്ന് പറയൂ.

## സ്റ്റാൾ - 6
## സംഖ്യകളുടെ അത്ഭുതലോകം

| | | |
|---|---|---|
| 8 | 1 | 6 |
| 3 | | 7 |
| | 9 | 2 |

ആദ്യ വരിയിലെ സംഖ്യകൾ കൂട്ടി നോക്കൂ... അതേ തുക കിട്ടുന്ന രീതിയിൽ മറ്റ് കളങ്ങൾ പൂർത്തിയാക്കൂ...

ഓരോ നിരയിലെയും മൂന്നു സംഖ്യകൾ കൂട്ടി നോക്കൂ... കോണോടുകോണുള്ള മൂന്നു സംഖ്യകളും കൂട്ടൂ... തുകയുടെ പ്രത്യേകത എന്താണ് ? പറയൂ...

**മാന്ത്രിക ചതുരം**

ചതുരങ്ങളിലെ സംഖ്യകൾ വരിയായും നിരയായും കോണോടുകോൺ കൂട്ടിയാലും ഒരേ തുക കിട്ടും.

23 മുതൽ 31 വരെയുള്ള സംഖ്യകൾ എഴുതി മാന്ത്രിക ചതുരം പൂർത്തിയാക്കൂ...

| | | |
|---|---|---|
| | 23 | |
| 25 | | |
| 26 | 31 | 24 |

ഇതിൽ നിങ്ങൾക്ക് ഏതാണ് എളുപ്പമായി തോന്നിയത് ?

| | |
|---|---|
| 2 6 +<br>3 1<br>□□ +<br>2 4<br>□□ | 2 6 +<br>3 1 +<br>2 4<br>□□ |

ഓരോ ജോടിയിലെയും വലിയ തുക ഏതെന്ന് ചങ്ങാതിയോട് പറയൂ.

1. 56 + 75
   65 + 57
2. 64 + 58
   46 + 85

## തണ്ണീർ പന്തൽ



ഗണിതോത്സവത്തിന് നാല് ദിവസങ്ങളിലായി വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് നോക്കൂ...

| ദിവസം | അളവ് (ലിറ്ററിൽ) |
|---|---|
| 1 | 437 |
| 2 | 524 |
| 3 | 581 |
| 4 | 448 |

- ഒന്ന്, രണ്ട് ദിവസങ്ങളിൽ ആകെ കൊടുത്ത വെള്ളത്തിന്റെ അളവ്. ______ ലിറ്റർ
- മൂന്ന്, നാല് ദിവസങ്ങളിലായി കൊടുത്ത വെള്ളത്തിന്റെ അളവ്. ______ ലിറ്റർ
- നാല് ദിവസവും കൂടി എത്ര ലിറ്റർ വെള്ളം ഉപയോഗിച്ചു ?

### മനഃക്കണക്ക്

ഓരോ ദിവസവും ഉപയോഗിച്ച വെള്ളത്തിന്റെ അളവ് 440, 520, 580, 450 ലിറ്റർ വീതമായിരുന്നെങ്കിൽ ആകെ എത്ര ലിറ്റർ വെള്ളം വേണ്ടിവരുമായിരുന്നു ? മനഃക്കണക്കായി ചെയ്യൂ...

- കതിരണി സ്കൂളിൽ നിന്നും ഗണിതോത്സവപ്രദർശനം കാണാൻ 281 കുട്ടികളും അറണി സ്കൂളിൽ നിന്ന് 348 കുട്ടികളും എത്തി. ആകെ എത്ര പേരാണ് പ്രദർശനം കാണാൻ എത്തിയത് ?

## സ്റ്റാൾ - 7
## പാറ്റേണുകളുടെ ലോകം

പ്രദർശനഹാളിന്റെ ചുവരിൽ നിങ്ങൾക്കും പാറ്റേണുകൾ എഴുതാം.

### പാറ്റേണുകൾ പൂർത്തിയാക്കൂ...

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 111 | + | 111 | = | 222 | 100 | + | 10 | + | 1 | = | 111 |
| 222 | + | 222 | = | | 200 | + | 20 | + | 2 | = | 222 |
| | + | | = | | | + | | + | | = | |
| | + | | = | | | + | | + | | = | |
| | + | | = | | | + | | + | | = | |
| | + | | = | | | + | | + | | = | |
| | + | | = | | | + | | + | | = | |
| | + | | = | | | + | | + | | = | |
| 999 | + | 999 | = | | | + | | + | | = | |

ഞാൻ തയ്യാറാക്കിയ പാറ്റേൺ.

## പച്ചത്തുരുത്ത്



ഗണിത പ്രദർശനം കാണാനെത്തുന്ന എല്ലാവർക്കും ഫലവൃക്ഷത്തൈ കൊടുക്കുന്നുണ്ട്.




| തൈകൾ | ഒന്നാം ദിവസം കൊടുത്തത് | രണ്ടാം ദിവസം കൊടുത്തത് | ആകെ |
|---|---|---|---|
| നെല്ലി | 238 | 241 | |
| മാവ് | 138 | 152 | |
| പ്ലാവ് | 236 | 166 | |
| പേര | 175 | 246 | |

- ഏറ്റവും കൂടുതൽ കൊടുത്തത് ഏതു തൈ ആണ്?
- ആകെ എത്ര മാവിൻതൈയാണ് കൊടുത്തത്?
- ഇതുപോലെ കൂടുതൽ ചോദ്യങ്ങൾ തയ്യാറാക്കൂ...

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1.** ഗണിതോത്സവ സ്റ്റാളിലേക്ക് ബിബിയുടെ സ്കൂളിലെ കുട്ടികൾ ശേഖരിച്ച മഞ്ചാടികളുടെ എണ്ണം നോക്കൂ.

ക്ലാസ് 1

| ഡിവിഷൻ | എണ്ണം |
|---|---|
| **A** | **275** |
| **B** | **325** |

ക്ലാസ് 2

| ഡിവിഷൻ | എണ്ണം |
|---|---|
| **A** | **300** |
| **B** | **225** |

ക്ലാസ് 3

| ഡിവിഷൻ | എണ്ണം |
|---|---|
| **A** | **375** |
| **B** | **215** |

ക്ലാസ് 4

| ഡിവിഷൻ | എണ്ണം |
|---|---|
| **A** | **245** |
| **B** | **350** |

A. ഓരോ ക്ലാസിൽ നിന്നും ശേഖരിച്ച ആകെ മഞ്ചാടികൾ.

ക്ലാസ് 1 ______ ക്ലാസ് 2 ______

ക്ലാസ് 3 ______ ക്ലാസ് 4 ______

B. ഏത് ക്ലാസിൽ നിന്നാണ് കൂടുതൽ മഞ്ചാടി കിട്ടിയത് ?

ക്ലാസ് ______ എണ്ണം ______

C. മഞ്ചാടികളുടെ എണ്ണം ആരോഹണ ക്രമത്തിലെഴുതൂ...

______ ______ ______ ______

D. 1120 കിട്ടാൻ ഏതു രണ്ട് ക്ലാസിലെ മഞ്ചാടികളുടെ എണ്ണം കൂട്ടണം ?

______ + ______ = 1120

E. രണ്ട് ക്ലാസിലെയും കൂടി മഞ്ചാടികളുടെ എണ്ണത്തോട് 5 കൂട്ടിയാൽ 1200 കിട്ടും ഏതൊക്കെയാണ് ആ ക്ലാസുകൾ? ശരിയായ ഉത്തരം ടിക് (✓) ചെയ്യുക.

A. ക്ലാസ് 1, ക്ലാസ് 2

B. ക്ലാസ് 2, ക്ലാസ് 3

C. ക്ലാസ് 1, ക്ലാസ് 4

F. ഓരോ ക്ലാസിൽ നിന്നും ശേഖരിച്ച മഞ്ചാടികളുടെ എണ്ണം 1000 ആകണമെങ്കിൽ ഇനി എത്ര കൂടി വേണ്ടിവരും ?

| ക്ലാസ് | ശേഖരിച്ച മഞ്ചാടികളുടെ എണ്ണം | 1000 ആകാൻ വേണ്ട എണ്ണം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |

**2.** പാറ്റേൺ തുടരാമോ ?

A. 140, 260, 380, ..................., ..................., ...................

B. 25, 225, 425, ..................., ..................., ...................

C. 600, 610, 630, 660, ..................., ...................

D. 200, 310, 430, ..................., ..................., ...................

E. 0, 115, 230, 345 ..................., ...................

ഇവയിൽ 200 വീതം കൂടുന്ന പാറ്റേൺ ഏതാണ് ?

**3.** മുത്തണി സ്കൂൾസ്റ്റോറിൽ ഒന്നാംദിവസം 847 രൂപ കിട്ടി. രണ്ടാംദിവസം അവർക്ക് 500 ന്റെയും 100 ന്റെയും ഓരോ നോട്ടുകളും 50 ന്റെ 5 നോട്ടുകളും 2 രൂപയുടെ രണ്ട് നാണയങ്ങളുമാണ് കിട്ടിയത്.

A. ഏത് ദിവസമാണ് കൂടുതൽ കിട്ടിയത് ?

എന്റെ ഊഹം

എന്റെ ക്രിയ

എന്റെ ഉത്തരം

B. രണ്ടു ദിവസവും കൂടി ആകെ എത്ര രൂപ കിട്ടി ?

എന്റെ ഊഹം ______ നും ______ നും ഇടയിൽ.

ഞാൻ കണക്കാക്കിയത്

**4.** ചുവടെ നൽകിയ ക്രിയകളിൽ ഏതിന്റെ ഉത്തരമാണ് 846?

A. 524 + 312 B. 227 + 519 C. 546 + 400 D. 329 + 517

എന്റെ ഉത്തരം

**5.** മനക്കണക്കായി ഉത്തരമെഴുതുക. കണക്കാക്കിയ രീതി പറയുക.

A. 550 + 450 = ...................... B. 675 + 425 = ......................

C. 730 + 520 = ...................... D. 890 + 460 = ......................

E. 436 + 324 = ...................... F. 253 + 147 = ......................

# 5

# അളന്നുകുറിക്കാം

## ഗോലി ഉരുട്ടാം

അലനും കൂട്ടുകാരും ഗോലി ഉരുട്ടി കളിക്കുകയാണ്.






ഗോലി ഉരുട്ടിയ ദൂരം അലനും കൂട്ടുകാരനും കാല്പാദം കൊണ്ട് അളന്നു. രണ്ടുപേർക്കും ഒരേ അളവല്ല കിട്ടിയത്. അവർ തന്നെ ആ പ്രശ്നം പരിഹരിച്ചു.

എങ്ങനെയായിരിക്കും ?

## സ്കെയിലിലെ അളവ്

നിങ്ങളും സ്കെയിൽ എടുക്കൂ... എന്തൊക്കെ വിവരങ്ങളാണ് സ്കെയിലിൽ ഉള്ളത് ?

- ചെറിയ വരകളുണ്ട്.
- 
- 
- 
- 
- 
- 







## നീളം അളക്കാം



പേനയുടെ നീളം ☐ പെൻസിലിന്റെ നീളം ☐



റബ്ബർകട്ടയുടെ നീളം ☐

സ്കെയിലിൽ സെന്റിമീറ്റർ അടയാള പ്പെടുത്തിയതിന്റെ താഴെ വശത്തെ വലിയ അളവ് നോക്കൂ... ഈ അളവ് ഇഞ്ച് ആണ്.



അലനും കൂട്ടുകാരും ഗോലി ഉരുട്ടിയ പാതയുടെ ചിത്രം നോക്കൂ... ഏതു വരയ്ക്കാണ് നീളം കൂടുതൽ ?

നിങ്ങളുടെ ഊഹം
ടിക് (✓) ചെയ്ത്
അടയാളപ്പെടുത്തൂ...
ഓരോ വരയും
അളന്ന് നീളം
വരയിൽ എഴുതൂ...

## ഏതൊക്കെ പെൻസിൽ ?

പെൻസിലുകൾ കൊണ്ട് അലൻ ഉണ്ടാക്കിയ രൂപം നോക്കൂ...
ഏതൊക്കെ പെൻസിലുകൾ താഴെ തന്നിട്ടുള്ള ബോക്സിൽ വയ്ക്കാൻ കഴിയും? പെൻസിലിന് ടിക് (✓) അടയാളം നൽകുക.



പെൻസിൽ രൂപം കണ്ടില്ലേ ? ഇതുപോലെ ഈർക്കിലുകൾ കൃത്യമായ അളവിൽ മുറിച്ചെടുത്ത് നിങ്ങൾക്കിഷ്ടമുള്ള രൂപങ്ങൾ ഉണ്ടാക്കൂ...

## രൂപങ്ങൾ നിർമ്മിക്കാം

നിങ്ങൾ എടുത്തതിൽ ഒരേ നീളമുള്ള ഈർക്കിൽകഷ്ണങ്ങൾ ഉണ്ടോ? അവയുടെ നീളവും എണ്ണവും പട്ടികയിൽ എഴുതൂ.

| നീളം | എണ്ണം |
|---|---|
| | |
| | |
| | |
| | |

## ചേർത്തുവച്ചാൽ

10, 11, 12, 13, 14, 15 സെന്റിമീറ്റർ വീതമുള്ള ഈർക്കിലുകൾ മുറിച്ചെടുക്കുക. അവ ചേർത്തുവച്ചാൽ ആകെ എത്ര സെന്റിമീറ്റർ നീളമുണ്ടാകും ?

25 സെന്റിമീറ്റർ നീളം കിട്ടുന്ന ജോടികൾ ഏതൊക്കെയാണ് ?

## അളന്നു കുറിക്കാം




നിങ്ങളുടെ വീട്ടിലെ വിവിധ വസ്തുക്കളുടെ നീളം അളക്കൂ. പട്ടികപ്പെടുത്തൂ.

| വസ്തുക്കളുടെ പേര് | ഊഹം (സെന്റിമീറ്റർ) | അളവ് (സെന്റിമീറ്റർ) |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

ഒരേ നീളമുള്ളവ ഏതെല്ലാം ?

## വലിയ സ്കെയിൽ







ടീച്ചർ നിങ്ങൾക്ക് പേപ്പർകഷ്ണങ്ങൾ തന്നില്ലേ ? നിങ്ങൾക്ക് കിട്ടിയ കഷ്ണത്തിന്റെ നീളമെത്രയാണ് ?

| എന്റെ ഊഹം. | അളന്ന് കിട്ടിയ നീളം. |
|---|---|
| സെമീ | സെമീ |

വ്യത്യസ്തനീളമുള്ള പേപ്പർകഷ്ണങ്ങൾ കിട്ടിയ അഞ്ചുപേർ ചേർന്ന് ഗ്രൂപ്പ് ആകൂ... നിങ്ങൾക്ക് കിട്ടിയ പേപ്പർകഷ്ണങ്ങളുടെ നീളം പട്ടികപ്പെടുത്തൂ...

| ക്രമനമ്പർ | പേര് | ഊഹം | അളവ് |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

അഞ്ചുപേരുടെയും പേപ്പർ കഷ്ണങ്ങൾ ചേർത്ത് വച്ചാൽ ആകെ എത്ര നീളം ഉണ്ടാകും?



ഊഹം

നീളം



എല്ലാ ഗ്രൂപ്പിലും കിട്ടിയത് 100 സെന്റിമീറ്റർ അല്ലേ ? 100 സെന്റിമീറ്റർ എന്നത് 1 മീറ്റർ ആണ്.

100 സെന്റിമീറ്റർ = 1 മീറ്റർ

**ക്ലാസ്മുറിയുടെ നീളം**

നിങ്ങളുടെ ക്ലാസ്മുറിയുടെ നീളമെത്രയാണ് ?

മീറ്റർ സ്കെയിലും 30 സെന്റിമീറ്റർ സ്കെയിലും ടീച്ചർ പരിചയപ്പെടുത്തിയല്ലോ...

ഊഹം ____ അളവ് ____

വരാന്തയുടെ നീളമോ ?

ഊഹം ____ അളവ് ____

നിങ്ങളുടെ ക്ലാസ്സിലെ ബെഞ്ച്, ഡസ്ക്, ബോർഡ് തുടങ്ങിയവയുടെ നീളം ഊഹിച്ചെഴുതുക, അളന്നെഴുതുക.

| | ഊഹം | അളവ് |
|---|---|---|
| ബെഞ്ച് | | |
| ഡസ്ക് | | |
| ബോർഡ് | | |
| | | |



## നിൽക്കൂ... ചാടൂ...

ഇന്ന് ചാട്ടമത്സരമാകാം. ഓരോ കുട്ടിയും ഒരു വരയിൽ നിന്നിട്ട് മുന്നോട്ടു ചാടണം. പങ്കെടുത്തവരുടെ പേരും ചാടിയ ദൂരവും എഴുതൂ.

| സ്ഥാനക്രമം | പേര് | ചാടിയ ദൂരം (സെന്റിമീറ്റർ) |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

ഒരു മീറ്ററിൽ കൂടുതൽ ദൂരം ചാടിയവർ ആരെല്ലാം ?

## എനിക്ക് കിട്ടിയ സമ്മാനം

നിങ്ങൾക്ക് എല്ലാവർക്കും ഒരു സമ്മാനം ഉണ്ട്. എന്താണ് സമ്മാനം ? കണ്ടെത്തുന്നതിനായി പാറ്റേൺ പൂർത്തിയാക്കൂ...

250, 275, 300, ........... , ..............

ചുവടെയുള്ള സംഖ്യകളെ പാറ്റേൺ ക്രമത്തിൽ വരച്ച് യോജിപ്പിക്കൂ...




തന്നിരിക്കുന്ന വരയുടെ നീളം എത്രയാണ് ?

എന്റെ ഊഹം

അളന്നപ്പോഴുള്ള നീളം

വരച്ച എല്ലാ വരകൾക്കും ഒരേ നീളമാണോ ?

ചിത്രത്തിന് നിറം കൊടുക്കൂ... നിങ്ങൾക്ക് കിട്ടിയ സമ്മാനം എന്താണ് ?

## ഉയരമെത്ര ?

ചാട്ടമത്സരത്തിലെ വിജയികൾ നില്ക്കുന്ന ചിത്രം നോക്കൂ...



എല്ലാവരും ഒരേ ഉയരത്തിൽ ആണോ ?

കൂടുതൽ ഉയരത്തിൽ ആരാണ് ?

പട്ടിക പൂർത്തിയാക്കൂ...

| ഉയരങ്ങൾ | ഊഹിച്ച അളവ് | അളന്നപ്പോൾ കിട്ടിയത് |
|---|---|---|
| ബോർഡിലേക്കുള്ള ഉയരം | | |
| സ്വിച്ച് ബോർഡിലേക്കുള്ള ഉയരം | | |
| ജനൽ പടിയിലേക്കുള്ള ഉയരം | | |
| വാതിലിന്റെ ഉയരം | | |
| മേശയുടെ ഉയരം | | |

നിങ്ങളുടെ ക്ലാസ്മുറിയുടെ ഉയരം എത്രയാണ് ? എങ്ങനെ അളക്കും ?

എന്റെ ഊഹം

അളന്നു കിട്ടിയത്

എന്റെ ഉയരം

നിങ്ങൾ അളന്നവയിൽ

ഒരു മീറ്ററിൽ കൂടുതൽ ഉയരമുള്ളവ ഏതൊക്കെയാണ്?

ആ അളവുകളെ മീറ്ററിലും സെന്റിമീറ്ററിലുമായി എഴുതി പട്ടിക പൂർത്തിയാക്കൂ...

| വസ്തു | ഉയരം | |
|---|---|---|
| | സെന്റിമീറ്ററിൽ | മീറ്ററിലും സെന്റിമീറ്ററിലും |
| | | |
| | | |
| | | |

## ചുറ്റും അളക്കാം



തൂണിന്റെ വണ്ണം എത്രയാണ്?
ഇതുപോലെ നിങ്ങളും അളക്കൂ...

എന്തൊക്കെ അളക്കാം?



വാട്ടർബോട്ടിലിന് ചുറ്റും.

മേശയുടെ മുകൾ ഭാഗത്തിന് ചുറ്റും.

കൈയുടെ വണ്ണം.

## ആകെ നീളം

ഈർക്കിലുകൾ മുറിച്ചെടുത്ത് ചതുരം ഉണ്ടാക്കൂ. അതിന് ഉപയോഗിച്ച ഈർക്കിലുകളുടെ ആകെ നീളം എത്രയാണ് ?

ഈർക്കിലുകൾ മുറിച്ചെടുത്ത് ത്രികോണം ഉണ്ടാക്കൂ. ഈർക്കിൽകഷ്ണങ്ങളുടെ ആകെ നീളം എത്രയാണ് ?

ഒരേ നീളമുള്ള ഈർക്കിലുകൾ മുറിച്ചെടുത്തും ചതുരമുണ്ടാക്കൂ. ഈർക്കിൽകഷ്ണങ്ങളുടെ ആകെ നീളം എത്രയാണ് ?

ഒരേ നീളമുള്ള ഈർക്കിൽകഷ്ണങ്ങൾ കൊണ്ട് ത്രികോണമുണ്ടാക്കൂ. ഈർക്കിൽകഷ്ണങ്ങളുടെ ആകെ നീളം എത്രയാണ് ?

## തീവണ്ടിക്കളി




തീവണ്ടിക്കളിക്കായി അലനും കൂട്ടരും 350 സെന്റിമീറ്റർ വീതം നീളമുള്ള ഒരു നീല റിബണും ഒരു ചുവപ്പ് റിബണും വാങ്ങി.

റിബണിന്റെ ആകെ നീളം എത്രയാണ് ?

അവർ വളയമുണ്ടാക്കാനായി റിബണുകൾ ചേർത്ത് കെട്ടിയപ്പോൾ നീളം 20 സെന്റിമീറ്റർ കുറഞ്ഞു.

അതിന്റെ നീളം എത്രയാണ് ?

ചോദ്യം വായിച്ച്
എനിക്ക് മനസ്സിലായത്.

ഉത്തരം കണക്കാക്കാൻ
ആവശ്യമായ കാര്യങ്ങൾ.

ഞാൻ ചെയ്ത ക്രിയാരീതി.

കിട്ടിയ ഉത്തരം.

വളയത്തിൽ എല്ലാവർക്കും നിൽക്കാൻ കഴിയാത്തതുകൊണ്ട് അവർ 6 മീറ്റർ വീതം നീളത്തിൽ നീല റിബണും ചുവപ്പ് റിബണും വാങ്ങി.

രണ്ട് റിബണിനും കൂടി എത്ര നീളം ?

ഒരു മീറ്റർ റിബണിന് പത്ത് രൂപയാണ് വില. അപ്പോൾ തീവണ്ടിക്കളിക്കായി വാങ്ങിയ റിബണിന് ആകെ എത്ര രൂപയായി ?

## വിലയിരുത്തൽ പ്രവർത്തനം

**1.** നീളം കൂടുതൽ



ഇവയിൽ ഏതിനാണ് കൂടുതൽ നീളം ?

എത്രയാണ് നീളം ?

വസ്തുക്കളുടെ പേരും നീളവും ക്രമമായി എഴുതൂ...

**2.** A B C D E F G H I J K L M N O P

ചുവടെ നൽകിയിരിക്കുന്നതിൽ ഏറ്റവും കൂടിയ നീളം ഏതാണ് ?

*i.* A മുതൽ F വരെ    *ii.* B മുതൽ J വരെ

*iii.* J മുതൽ N വരെ.    *iv.* E മുതൽ K വരെ

**3.** തുല്യമായ നീളം

- ഈർക്കിൽകഷ്ണങ്ങൾ മുറിച്ചെടുത്ത് നിങ്ങളുടെ ഗണിത പാഠപുസ്തകത്തിന്റെ അളവിൽ ഉള്ള ചതുരം ഉണ്ടാക്കൂ...
- അവയിൽ ഒരേ നീളമുള്ള ഈർക്കിലുകൾ ഉണ്ടോ ?

| നീളം | എണ്ണം |
| --- | --- |
| | |
| | |

- ഈർക്കിലുകളുടെ ആകെ നീളം എത്രയാണ് ?

**4.** സാരിയുടെ നീളം

അമ്മ വാങ്ങിയ സാരിയുടെ നീളം 6 മീറ്റർ. അതിൽ നിന്ന് 70 സെന്റിമീറ്റർ ബ്ലൗസിനായി മുറിച്ചെടുത്തു.

ബാക്കി നീളം എത്ര ?

സെന്റിമീറ്ററിൽ എഴുതൂ...

# 6

# കൂട്ടി . . . കൂട്ടിക്കൂട്ടി



## ഗ്രാമോത്സവം

നമ്മുക്കിൽ ഗ്രാമോത്സവം നടക്കുകയാണ്. കുട്ടികൾക്കായി വിവിധ മത്സരങ്ങൾ ഉണ്ട്. കളം ചാടിക്കടക്കുന്ന കളിയിൽ അനുവും അലനും മത്സരിക്കുന്നുണ്ട്.




വരയിൽ ചവിട്ടാതെ ഒന്നിടവിട്ട കളങ്ങളിലേക്കാണ് അനു ചാടുന്നത്. ചാടുന്ന കളങ്ങളിലെ നെല്ലിക്കയാണ് സമ്മാനമായി കിട്ടുക.

അനു ചാടിയ കളങ്ങൾക്ക് നിറം കൊടുക്കൂ...

അലൻ മത്സരിക്കുന്ന മുതിർന്ന കുട്ടികളുടെ മത്സരത്തിൽ നാലിടവിട്ട കളങ്ങളിലേക്കാണ് ചാടേണ്ടത്. അവിടെ 5 വീതം നെല്ലിക്കയുണ്ട്.

പട്ടിക പൂർത്തിയാക്കാം:

| ചാട്ടം | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| അനുവിന് കിട്ടിയ നെല്ലിക്ക | 2 | | | | | |
| അലന് കിട്ടിയ നെല്ലിക്ക | 5 | | | | | |

## ക്വിസ് മത്സരം

ക്വിസ് മത്സരത്തിന് ഒരു ടീമിൽ രണ്ടു പേരാണുള്ളത്. പത്ത് ടീമാണ് മത്സരത്തിനുണ്ടായിരുന്നത്.

എത്ര പേരാണ് മത്സരിച്ചത്?

## ഉച്ചഭക്ഷണം



ചിത്രം നോക്കൂ...

എത്രപേർക്ക് ഭക്ഷണം കഴിക്കാനുള്ള ഇല ഇട്ടിട്ടുണ്ട് ?

എങ്ങനെയാണ് കണക്കാക്കിയത് ?

ഒരു മേശയിൽ എത്ര ഇലയുണ്ട് ?

എത്ര മേശകളുണ്ട് ?

ആകെ എത്ര പേർക്കുള്ള ഇലയിട്ടിട്ടുണ്ട് ?

ഒരു മേശ കൂടി ഇട്ടാൽ എത്രപേർക്ക് ഇല ഇടാം ?

## ബലൂണുകൾ



ഒരേ നിറമുള്ള മൂന്നു ബലൂൺ വീതം ഒരുമിച്ച് തൂക്കിയിട്ടിരിക്കുന്നത് കണ്ടില്ലേ ?

ആകെ എത്ര ബലൂൺ ?

ചിത്രം നോക്കി ഓരോ നിറത്തിലുമുള്ള ബലൂണിന്റെ എണ്ണം പട്ടികയിൽ എഴുതുക.

| | | | |
|---|---|---|---|
|  | 3 + 3 | $2 \times 3$ | 6 |
|  | | | |
|  | | | |

ആകെ എത്ര ബലൂൺ ?

എങ്ങനെയാണ് കണക്കാക്കിയത് ?

## പട്ടിക പൂർത്തിയാക്കൂ...

| | | | | |
|---|---|---|---|---|
|  | | | 1 × 3 | 3 |
|  | 3 + 3 | രണ്ട് തവണ 3 | 2 × 3 | 6 |
|  | | | | |
|  | | | | |
|  | 3 + 3 + 3 + 3+ 3 | അഞ്ച് പ്രാവശ്യം 3 | 5 × 3 | 15 |
|  | | | | |
|  | | | | |
|  | | | | |

$9 \times 3 =$ ☐

$10 \times 3 =$ ☐

$11 \times 3 =$ ☐

$12 \times 3 =$ ☐

$100 \times 3 = 300$

$101 \times 3 = 303$

$102 \times 3 = 306$

$103 \times 3 =$ .........

.............................

$110 \times 3 =$ .........

$120 \times 3 =$ .........

.............................

ഞാൻ കണക്കാക്കിയ രീതി.

## എങ്ങനെയൊക്കെ പറയാം ?




## ഇരട്ടികൾ കണ്ടെത്തൂ

| | | | |
|---|---|---|---|
| 3 ന്റെ ഇരട്ടി | 3 + 3 | 2 × 3 | 6 |
| 4 ന്റെ ഇരട്ടി | | | |
| 5 ന്റെ ഇരട്ടി | | | |
| 10 ന്റെ ഇരട്ടി | | | |
| 20 ന്റെ ഇരട്ടി | | | |
| 25 ന്റെ ഇരട്ടി | | | |
| 50 ന്റെ ഇരട്ടി | | | |
| 100 ന്റെ ഇരട്ടി | | | |

പട്ടികയിൽ നിന്ന് ഞാൻ മനസ്സിലാക്കിയത്.

## കുടുംബശ്രീസ്റ്റാൾ






ഉച്ചഭക്ഷണത്തിനുശേഷം അനു കുടുംബശ്രീസ്റ്റാളിലേക്ക് പോയി. അവിടെ 4 സോപ്പ് വീതം പായ്ക്കറ്റിലാക്കുകയാണ്. 5 പായ്ക്കറ്റ് തയ്യാറാക്കണം. എത്ര സോപ്പ് വേണ്ടി വരും ?

ഞാൻ കണക്കാക്കിയത്.

## റിലേ മത്സരം



ഓട്ടമത്സരം റിലേയിൽ 4 ടീമുകൾ മത്സരിച്ചു. ഒരു ടീമിൽ 4 പേർ. ആകെ എത്ര പേർ മത്സരിച്ചു ?

3 അഞ്ചുകൾ ചേർന്ന സംഖ്യ എത്ര മൂന്നുകൾ ചേർന്നതിന് തുല്യമാണ് ?

## സമ്മാനവിതരണം



ഗ്രാമോത്സവത്തിലെ മത്സരങ്ങളിൽ ഒന്നാം സ്ഥാനക്കാർക്ക് 4 പച്ചക്കറിത്തൈകൾ വീതം സമ്മാനം നൽകണം. 7 മത്സരങ്ങളാണുള്ളത്. സമ്മാനം നല്കാൻ എത്ര തൈകൾ വേണം ?

| | | |
|---|---|---|
| അഞ്ച് 4 ചേർന്നാൽ | 4 + 4 + 4 + 4 + 4 | 5 × 4 = 20 |
| ആറ് 4 ചേർന്നാൽ | 4 + 4 + 4 + 4 + 4 + 4 | |
| | | |
| | | |
| | | |

| പത്ത് 4 ചേർന്നാൽ | പന്ത്രണ്ട് 4 ചേർന്നാൽ |
|---|---|
| ........ × ........ = ........ | ........ × ........ = ........ |

14 × 4 = ☐    16 × 4 = ☐    18 × 4 = ☐

20 × 4 = ☐    15 × 4 = ☐    13 × 4 = ☐

## സമാപന സമ്മേളനം

സമ്മേളന സ്ഥലത്ത് കസേര ഇട്ടിരിക്കുന്നതു നോക്കൂ... ഒരു വരിയിൽ 6 കസേരയുണ്ട്.



ആദ്യത്തെ മൂന്നുവരിയിൽ കുട്ടികൾ ഇരുന്നു. എത്ര കുട്ടികളാണ് ഇരുന്നത് ?

6 + 6 + 6 = 3 × 6 = ☐

അടുത്ത ആറു വരിയിൽ എത്ര പേർക്ക് ഇരിക്കാം ?

☐ = ☐ = ☐

അവിടെയും കുട്ടികൾ ഇരുന്നു. കസേരകൾ നിറഞ്ഞു ആകെ എത്ര കുട്ടികൾ ?

ഞാൻ കണക്കാക്കിയ രീതി.

മറ്റൊരു രീതി.

ഇനി 10 വരികൾ നിറയാനുണ്ട്. അപ്പോൾ എത്ര പേർക്കുകൂടി ഇരിക്കാം ? ☐

സമ്മേളന സ്ഥലത്ത് ആകെ എത്ര പേർക്ക് ഇരിക്കാം ? ☐

## ഗുണിക്കാം... പട്ടിക പൂർത്തിയാക്കാം...

| × | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| 1 | | | | | | | | | | |
| 2 | | | | | | 12 | | | | |
| 3 | | | | 12 | | | | | | |
| 4 | | | 12 | | | | | | | |
| 5 | | | | | | | | | | |
| 6 | | 12 | | | | | | | | |

## കൂട്ടിയാലും ഗുണിച്ചാലും

$1 + 1 = 2$

$1 \times 1 = 1$

$2 + 3 = 5$

$2 \times 3 = 6$

$2 + 3 + 4 = 9$

$2 \times 3 \times 4 = 24$

ഇവിടെ സംഖ്യകൾ കൂട്ടുമ്പോഴും ഗുണിക്കുമ്പോഴും വ്യത്യസ്ത സംഖ്യകളാണ് ഉത്തരമായി കിട്ടുന്നത്. കൂട്ടുമ്പോഴും ഗുണിക്കുമ്പോഴും ഒരേ ഉത്തരം കിട്ടുന്ന സംഖ്യകൾ കണ്ടെത്താമോ?

ഓരോന്നും നോക്കൂ പൂരിപ്പിക്കൂ.

| | | | |
|---|---|---|---|
| $2 \times 3 = 6$ | $2 \times 4 =$ ..... | $2 \times 5 =$ ..... | $2 \times 6 =$ ..... |
| $4 \times 3 = 12$ | $4 \times 4 =$ ..... | $4 \times 5 =$ ..... | $4 \times 6 =$ ..... |
| $8 \times 3 = 24$ | $8 \times 4 =$ ..... | $8 \times 5 =$ ..... | $8 \times 6 =$ ..... |

നിങ്ങൾ കണ്ടെത്തിയ ബന്ധം എന്താണ്?

ഏതൊക്കെ സംഖ്യകൾ തമ്മിൽ ഗുണിക്കുമ്പോഴാണ് 12 കിട്ടുക ?

**12**

- 2 × 6
- ...... × 1
- ...... × ......
- 3 ×...... × 2

ഏതൊക്കെ സംഖ്യകൾ തമ്മിൽ ഗുണിക്കുമ്പോഴാണ് 24 കിട്ടുന്നത്?

**24**

- 24 × 1
- 
- 
- 

20 നെ ഇതുപോലെ എഴുതൂ...

## കളങ്ങൾ പൂർത്തിയാക്കൂ...

**60**

- 6 × .......
- 20 × .......
- 30 × .......
- 15 × .......
- 12 × .......
- ....... × 1



## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1.** അനു സൂപ്പർമാർക്കറ്റിലെത്തി. അഞ്ച് പേന വേണം. ഒരു പേനയ്ക്ക് 6 രൂപ. 6 എണ്ണമുള്ള ഒരു പാക്കറ്റിന് 30 രൂപ. ഒരു പാക്കറ്റ് പേന വാങ്ങിയാൽ അനുവിന് എന്താണ് നേട്ടം ?

**2.** ക്രിക്കറ്റ് മത്സരം.

എ. ക്രിക്കറ്റ് കളിയിൽ ഒരു ഓവറിൽ ആറ് തവണയാണ് പന്ത് എറിയുക. ട്വന്റി - ട്വന്റി കളിയിൽ ഒരു ടീം എത്ര തവണ പന്തെറിയണം ?

ബി. 50 ഓവറിന്റെ ഏകദിന മത്സരത്തിൽ രണ്ട് ടീമുകളും ചേർന്ന് എത്ര തവണ പന്ത് എറിയും ?

3. ആർക്കാണ് കൂടുതൽ റൺസ് ?

ഒരു കളിയിൽ അലനും, കൂട്ടുകാരനും നേടിയ റൺസാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്.

| അലൻ | | |
|---|---|---|
| 2 സിക്സർ | $2 \times 6$ | **12** |
| 5 ഫോർ | $5 \times 4$ | |
| 4 ഡബിൾ | $4 \times 2$ | |
| 5 സിംഗിൾ | $5 \times 1$ | |

| കൂട്ടുകാരൻ | | |
|---|---|---|
| 4 സിക്സർ | | |
| 3 ഫോർ | | |
| 2 ഡബിൾ | | |
| 2 സിംഗിൾ | | |

ആരാണ് കൂടുതൽ റൺസെടുത്തത് ?

എത്ര കൂടുതൽ ?

ഒരു ഓവറിൽ 6 സിക്സർ അടിച്ചാൽ എത്ര റൺസ് കിട്ടും ?

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***